കേരളത്തിലെ മെന്റൽ ഹെൽത്ത് സെന്ററുകൾക്ക് വ്യക്തമായ സ്റ്റാഫ് പാറ്റേൺ

141 (852)ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെന്റൽ ഹെൽത്ത് സെന്ററുകൾക്ക് വ്യക്തമായ സ്റ്റാഫ് പാറ്റേൺ വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതുപ്രകാരം തിരുവനന്തപുരം സെന്റർ ഹെൽത്ത് സെന്ററിൽ എത്ര ജീവനക്കാർ ആവശ്യമുണ്ട്; ഇപ്പോൾ എത്രപേർ നിലവിൽ ഉണ്ട്;

(ബി) ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ ആവശ്യത്തിന് ഇല്ലാത്തതുകൊണ്ട് രോഗികൾ കഷ്ടപ്പെടുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇല്ല. തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ പട്ടിക അനുബന്ധമായി + ചേർത്തിട്ടുണ്ട്.

(ബി) ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി ദിവസക്കൂലിയടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കിസോഫ്രീനിയ എന്ന മാനസിക രോഗം

142 (853)ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ 'സ്കിസോഫ്രീനിയ' എന്ന മാനസികരോഗം വർദ്ധിച്ചുവരുന്നതായിട്ടുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് മാനസികാരോഗ്യനയരൂപീകരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനസികാരോഗ്യരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്കായി സമഗ്രമായൊരു മാനസികാരോഗ്യനയം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.

കുതിരവട്ടം മാനസികാരോഗ്യകേന്ദ്രം

143 (854)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികൾക്കുള്ള ഭക്ഷണ സാധനങ്ങൾ ആരിൽ നിന്നാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സ്വകാര്യ വ്യക്തികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ ഭക്ഷണസാധനങ്ങൾ വാങ്ങുന്നുണ്ടോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നെങ്കിൽ എന്നുമുതലാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ വ്യക്തികൾ സാധനം വിതരണം ചെയ്തപ്പോഴും സിവിൽസപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്തപ്പോഴും കഴിഞ്ഞ രണ്ടു വർഷത്തിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോ, മിൽമാ, മൽസ്യഫെഡ്, സൂപ്പർമാർക്കറ്റ്, മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

(ബി) ഇല്ല.

(സി) 1.4.99 മുതലാണ് സിവിൽ സപ്ലൈഡ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നത്.

(ഡി) 1997-98 ൽ മുഴുവനായും കരാറുകാരിൽ നിന്ന് 62,66,815 രൂപയ്ക്കും 98-99 ൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും കരാറുകാരിൽനിന്നും ആകെ 69,26,907 രൂപയ്ക്കും 30.11.99 മുതൽ മുഴുവൻ സാധനങ്ങളും സിവിൽ സപ്ലൈസിൽ നിന്നും 3720837 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്.

ജനപ്പെരുപ്പം

144(855) ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്പെരുപ്പം തടയുന്നതിന് എല്ലാ ജനവിഭാഗത്തിൽ നിന്നും ആവശ്യമായ സഹായം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന നിയന്ത്രണത്തിന് ശാസ്ത്രീയമായ പുതിയ സംവിധാനങ്ങൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്രകാരം ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly